*Category : Aided*

IT @ School

## സർക്കുലർ

No. ITS/2009/10/1225 (44) തീയതി : 12.10.2009

**വിഷയം:- ഐ.ടി@സ്കൂൾ പ്രോജക്ട് - ഐ.സി.ടി ഇൻ സ്കൂൾ സ്കീം - എയ്ഡഡ് ഹൈസ്കൂളുകളിൽ 2009-10 അധ്യയന വർഷം പദ്ധതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രാഥമിക അടിസ്ഥാന ഐ.ടി സൗകര്യങ്ങൾ ഒരുക്കുക, അധ്യാപകരെ ഐ.ടി ഉപയോഗിക്കുന്നതിനും ഐ.ടി അധിഷ്ഠിത പഠനബോധന രീതികൾ ഉപയോഗപ്പെടുത്തുന്നതിനും പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഐ.ടി@സ്കൂൾ പ്രോജക്ട് പ്രവർത്തനം ആരംഭിച്ചത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, അധ്യാപക-രക്ഷാകർതൃസമിതികൾ തുടങ്ങി വിവിധ ഏജൻസികളുടെ സഹായത്താൽ സംസ്ഥാനത്തെ എല്ലാ ഹൈസ്കൂളുകളിലും ഐ.സി.ടി അനുബന്ധ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സെക്കണ്ടറി തലത്തിൽ വ്യാപകമായി വിവിധ വിഷയങ്ങൾക്ക് ഐ.സി.ടി അധിഷ്ഠിത പഠനരീതി നടപ്പാക്കുന്നതിനും അപ്പർ പ്രൈമറി തലത്തിൽ ഐ.ടി ശേഷികളുടെ പഠനവും പരിശീലനവും ആരംഭിക്കുന്നതിനുമാണ് വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി സ്കൂളുകളിൽ ഒട്ടേറെ ഐ.സി.ടി സൗകര്യങ്ങൾ ഇനിയും സമയബന്ധിതമായി ഒരുക്കേണ്ടതുണ്ട്. വിവിധ വിഷയങ്ങളുടെ ഐ.സി.ടി പഠനസാമഗ്രികൾ തയാറാക്കുക, അധ്യാപകരെ ശാക്തീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും സമാന്തരമായി നടപ്പിലാക്കുന്നുണ്ട്. അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി ശാസ്ത്ര-മാനവീക ഭാഷാവിഷയ ങ്ങളുടെ പഠനസാമഗ്രികൾ തയാറാക്കി അധ്യാപകരെ പരിശീലിപ്പിച്ചുവരികയാണ്.

കുട്ടികളുടെയും അധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായി ഐ.സി.ടി ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിയെങ്കിൽ മാത്രമേ ഫലപ്രദമായ രീതിയിൽ ഐ.സി.ടി സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് കഴിയൂ. ഇതിനായി എയ്ഡഡ് ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ICT പദ്ധതി താഴെപ്പറയുന്ന രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങളോടെ ഓരോ സ്കൂളിലും നടപ്പിലാക്കുന്നതിനാണ് പൊതുവിദ്യാഭ്യാസവകുപ്പ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാലയ ങ്ങളിലെ ഐ.സി.ടി അധിഷ്ഠിത ഉപകരണങ്ങളുടേയും ഭൗതീകസൗകര്യങ്ങളു ടെയും സ്വയംപര്യാപ്തതയാണ് ഇതിലൂടെ വിദ്യാഭ്യാസവകുപ്പ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കും സഹായങ്ങൾക്കുമുപരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ തുടങ്ങിയ വിവിധ സഹായ ഏജൻസികളുടെ സഹായത്തോടെയാണ് സ്കൂളുകൾ ഇത് പ്രാവർത്തികമാക്കേണ്ടത്. <u>ഇതിനായി സ്കൂളുകൾ സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. ആയതിനാൽ ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോമിൽ ഓരോ സ്കൂളിന്റെയും ഐ.സി.ടി അനുബന്ധ ഉപകരണങ്ങളുടെ ആവശ്യകത അറിയിക്കേണ്ടതാണ്.</u> നിലവിലുള്ള സൗകര്യങ്ങളും കുട്ടികളുടെയും എണ്ണത്തിന്

ആനുപാതികമായി സ്കൂളിൽ ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. സ്കൂൾ പ്രഥമാദ്ധ്യാപകർ, സ്കൂൾ ഐ.ടി കോർഡിനേറ്റർ എന്നിവർ ഐ.ടി@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർട്രയിനർമാരുടെ സഹായത്തോടെ 2009 ഒക്ടോബർ 24 നുമുമ്പ് അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ സ്കൂളുകളുടെ ആവശ്യം തയ്യാറാക്കി അതത് മാസ്റ്റർട്രയിനർ കോർഡിനേറ്ററെ ഏൽപിക്കേണ്ടതാണ്. മാസ്റ്റർട്രയിനർ കോർഡിനേറ്റർ 2009 ഒക്ടോബർ 26നുമുമ്പ് അവ ക്രോഡീകരിച്ച് ജില്ലാകോർഡിനേറ്റർക്ക് നല്കേണ്ടതാണ്. ജില്ലയുടെ ക്രോഡികരിച്ച റിപ്പോർട്ട് 2009 ഒക്ടോബർ 27നുമുമ്പ് ജില്ലാകോർഡിനേറ്റർ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

സ്കൂളുകൾക്ക് ആവശ്യമായ ഹാർഡ്‌വെയർ ഉപകരണങ്ങളുടെ വിശദ വിവരങ്ങളും പ്രൊഫോർമയും അനുബന്ധം-1ൽ നൽകിയിരിക്കുന്നു.

കമ്പ്യൂട്ടർ, പ്രൊജക്ടർ തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പവർ സോക്കറ്റുകൾ, ഫാൻ, ലൈറ്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ ക്ലാസുമുറികളിലും ശരിയായ എർത്തിംഗ് ഉൾപ്പെടെ വയറിംഗ് നടത്താനുള്ള സൗകര്യങ്ങൾ ഘട്ടംഘട്ടമായി ഏർപ്പെടുത്തേണ്ടതാണ്.

ജില്ലകളിൽ നിന്ന് ലഭിക്കുന്ന സ്കൂളുകളുടെ ആവശ്യകത ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ സ്റ്റേറ്റ് ഓഫീസ് പരിശോധിച്ച് ഓരോ സ്കൂളിനും അനുവദിച്ച ഐ.സി.ടി സഹായം പ്രോജക്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (for information)
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (ഡി.ഇ.ഒ മുഖേന)
എല്ലാ ജില്ലാ കോർഡിനേറ്റർ,മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർമാർക്കും -
*(ആവശ്യമായ ക്രമീകരണങ്ങൾക്ക്)*

## ഓരോ സ്കൂളിലും ഉണ്ടായിരിക്കേണ്ട ഐ.സി.ടി അനുബന്ധ ഉപകരണങ്ങൾ

| കുട്ടികളുടെ എണ്ണം (HS section) | കമ്പ്യൂട്ടർ ലാബ് (20'X20'), പുതുതായി നിർമിക്കുന്നവ 15 കമ്പ്യൂട്ടറുകൾ ഉൾക്കൊള്ളാൻ കഴിയുന്ന വിസ്തൃതിയിലായിരിക്കണം. | ലാപടോപ്പ് കമ്പ്യൂട്ടർ | മൾട്ടിമീഡിയ പ്രോജക്ടർ | പ്രിന്റർ (Dotmatrix) | പ്രിന്റർ (Laser) | ഹാൻഡി ക്യാം | സ്കാനർ | ഫോട്ടോ കോപ്പിയർ (Optional) | ഹാർഡ് ഡിസ്ക് (External) | മൾട്ടി മീഡിയ റൂം (50 പേർക്ക് ഇരിക്കാൻ സൗകര്യമു ള്ളത്) |
|---|---|---|---|---|---|---|---|---|---|---|
| 200 വരെ | 1 (10 computers) | 2 | 2 | 1 | 1 | 1 | 1 | 1 | 1 | 1 |
| 500 വരെ | 1 (15 computers) | 3 | 3 | 1 | 1 | 1 | 1 | 1 | 1 | 1 |
| 1000 വരെ | 2 (15 computers) | 5 | 5 | 1 | 1 | 1 | 1 | 1 | 1 | 2 |
| 1500 വരെ | 3 (15 computers) | 6 | 6 | 1 | 1 | 1 | 1 | 1 | 1 | 3 |
| 2000 വരെ | 4 (15 computers) | 10 | 8 | 1 | 1 | 1 | 2 | 1 | 2 | 4 |
| 2000- ൽ കൂടുതൽ | 5 (15 computers) | 10 | 8 | 2 | 1 | 1 | 2 | 1 | 2 | 5 |

## ഓരോ സ്കൂളിലും ഉണ്ടായിരിക്കേണ്ട ഐ.സി.ടി അനുബന്ധ സൗകര്യങ്ങൾ

- എല്ലാ ഹൈസ്കൂൾ ക്ലാസ്മുറികളും വൈദ്യുതീകരിച്ചിരിക്കണം
- രണ്ടിലധികം കമ്പ്യൂട്ടർലാബുള്ള സ്കൂളുകളിൽ Three Phase വൈദ്യൂതി സൗകര്യം ഉണ്ടായിരിക്കണം
- കമ്പ്യൂട്ടർലാബ് നെറ്റ്‌വർക്ക് ചെയ്തതായിരിക്കണം
- കമ്പ്യൂട്ടർലാബിലെ എല്ലാ കമ്പ്യൂട്ടറുകളിലും ഇന്റർനെറ്റ്സൗകര്യം ലഭ്യമാക്കിയിരിക്കണം

# ICT SCHOOL REQUIREMENT FOR 2009-10

1. School Name with Address

2. School Code

3. Phone No. (with STD Code)

4. IT Advisory Account No.

| **Standard** | **VII** | **IX** | **X** | **Total** |
|---|---|---|---|---|
| **No. of Division** | | | | |
| **No. of Students** | | | | |

5. Details of Hardware available in school (High school section only)

| **Items** | Computer | Printers | | | DLP/LCD projector | Scanner | Handycam |
|---|---|---|---|---|---|---|---|
| | | Laser | Dotmatrix | Inkjet | | | |
| **No.s** | | | | | | | |
| **Items** | Laptop | UPS | | | | TV | Photocopier |
| | | 600VA | 1 KVA | 2 KVA | 5 KVA | | |
| **No.s** | | | | | | | |
| **Other items** (pls specify the items with no.s. eg: Digital camera (1 no.)) | | | | | | | |

6. Average monthly electricity charges **Rs.**

7. Electricity connection for school lab is **Separ**[ ] **Com**[ ]

(Tick the appropriate box)

8. Body/Agency meeting the electricity charges

| IT Advisory fund | PTA Fund | Local bodies (Pls specify Dist Panchayath/Corp/Municipality) | | | Others (Pls specify the agency below) |
|---|---|---|---|---|---|
| | | Dist Panchayath | Grama Panchayath | Corporation/ Municipality | |
| | | | | | |

9. Whether separate Lab is available for High school session | Yes/No |

10. Classroom Electrification Details

| | | | | | |
|---|---|---|---|---|---|
| Total No. of classroom in High school session | | No. of classroom electrified | | No. of classroom to be electrified | |

11. Networking Details

| | | | |
|---|---|---|---|
| Total No. of computer lab | | No. of lab networked | |

A. **<u>Hardware requirements</u>**

| Sl No. | Items | Unit Rate | No. required | Total amount |
|---|---|---|---|---|
| 1. | Computer | Rs.20,000/- | | |
| 2. | UPS 600VA | Rs.2000/- | | |
| 3. | Laptop | Rs.21,000/- | | |
| 4. | Laser Printer | Rs.6,500/- | | |
| 5. | Dot-matrix Printer | Rs.7,500/- | | |
| 6. | Scanner | Rs.3,100/- | | |
| 7. | Handycam | Rs. 28,000/- | | |
| 8. | DLP/LCD Projector | Rs. 29,000/- | | |
| 9. | TFT monitor 16 inch | Rs.5,200/- | | |
| 10. | Mouse | Rs. 450/- | | |
| 11. | Keyboard | Rs. 400/- | | |
| 12 | LCD TV 22 inch | Rs. 23,000/- | | |
| 13. | 3 KVA offline UPS | Rs. 60,000/- | | |
| 14. | External Harddisk (250 GB) | Rs. 4000/- | | |
| 15. | 4 in 1 Printer(Laser printer/Fax/Copier/Scanner) | Rs. 25,000/- | | |
| **Total Amount (Limited to Rs.1 lakh)** | | | | |

**Signature of Head Master/Authorized Person**

**<u>For Official Use Only</u>**

| Rs. |
|---|

Total Amount Sanctioned :